എൽ. പി.,. യു. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

134 [717] *ശ്രീ. എം. വി. ജയരാജൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർഹതയുള്ളതും സർക്കാർ എയ്ഡഡ് മേഖലയിലുള്ളതുമായ എൽ.പി., യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ സ്കൂളുകളാണെന്ന് ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ നിലവിലില്ലാത്ത എത്ര പഞ്ചായത്തുകൾ സംസ്ഥാനത്തുണ്ട് അവ ഏതെല്ലാമെന്ന് അറിയിക്കാമോ;

(സി) ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ-എയ്ഡഡ് മേഖലയിലുള്ള എൽ.പി., യു. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

വെങ്ങാനൂർ ശ്രീ അയ്യൻകാളി മെമ്മോറിയൽ യു. പി. എസ്., ഹൈസ്കൂളായി ഉയർത്താൻ നടപടി

135 [718] *ഡോ. എ. നീലലോഹിതദാസൻ നാടാർ*: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വെങ്ങാനൂരിലെ ശ്രീ അയ്യൻകാളി മെമ്മോറിയൽ യു.പി.എസ്., ഹൈസ്കൂളായി ഉയർത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/574/2012—22

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

വെങ്ങാനൂരിലെ ശ്രീ അയ്യൻകാളി മെമ്മോറിയൽ യു.പി.എസ്., ഹൈസ്കൂളായി ഉയർത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ട്. എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നിലവിൽ നയപരമായ തീരുമാനമില്ലാത്തതു കാരണം പ്രസ്തുത നിവേദനം ഫയൽ ചെയ്തുവച്ചിരിക്കുകയാണ്.

സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യൽ

136 [719] *ശ്രീ. പി. കെ. കെ. ബാവ:*
,, *സി. ടി. അഹമ്മദ് അലി:*
,, *ടി. പി. എം. സാഹിർ:*
,, *യു. സി. രാമൻ:*
,, *ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി സ്വീകരിക്കുന്ന മാനദണ്ഡം വ്യക്തമാക്കാമോ;

(സി) ഇത് എന്നുമുതൽ നടപ്പിലാക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ അപ്ഗ്രേഡ് ചെയ്യുന്ന സ്കൂളുകൾ

137 [720] *ശ്രീ. കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം സർക്കാർ സ്കൂളുകളാണ് അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാന സർക്കാർ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly